കേരള സർക്കാർ
ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്
ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്
ശാന്തി നഗർ, തിരുവനന്തപുരം – 695001
ഫോൺ: 0471-2330558, 0471-2331104
Email:cei.kerala@kerala.gov.in
ceikerala@gmail.com
Website: www.ceikerala.gov.in

भारतीय मानक ब्यूरो IS 15700 BUREAU OF INDIAN STANDARDS SQMS
An IS 15700 : 2018 Certified Department

നമ്പർ: CEI/6689/2023-B2 തീയതി: 30-01-2025

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ

ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ /

ഇലക്ട്രിക്കൽ ഇൻസ്പെക്ടർ

സർ,

വിഷയം : ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് -കേരള ലിഫ്റ്റ് & എസ്കലേറ്റർ ആക്ട് 2013 പ്രകാരം ലിഫ്റ്റുകളുടെയു എസ്കലേറ്ററുകളുടെയും ലൈസൻസ് പുതുക്കുന്നതിനുള്ള പുതിയ ഫീസ് നിരക്ക്– സംബന്ധിച്ച്.

സൂചന : 1. G.O (Ms).No.9/2024/Power നമ്പർ 13/12/2024 തീയതിയിലെ സർക്കാർ ഉത്തരവ്.
2. G.O (P) No.4/2023/Power തീയതി 18/09/2023 ലെ ഉത്തരവ്.

സൂചന ശ്രദ്ധിച്ചാലും. സൂചന (2) സർക്കാർ ഉത്തരവ് പ്രകാരം ലിഫ്റ്റ് & എസ്കലേറ്ററുകളുടെ ആനുകാലിക പരിശോധന കാലാവധി മൂന്ന് വർഷത്തിലൊരിക്കൽ ആണ്. ആയതിലേയ്ക്കുള്ള ഫീസ് നിശ്ചയിച്ച് സൂചന (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് നടപ്പാക്കേണ്ട ഭാഗമായി ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1 . ലിഫ്റ്റുകളുടെയും എസ്കലേറ്ററുകളുടെയും പ്രവർത്താനുമതി ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകൾ **ലൈസൻസിന്റെ കാലാവധി കഴിയുന്നതിനു ഒരു മാസം മുൻപ് സമർപ്പിക്കുന്ന** അപേക്ഷകരിൽ നിന്നും ലിഫ്റ്റ് / എസ്കലേറ്റർ ഒന്നിന് ₹3315/- രൂപ നിരക്കിൽ ഫീസ് ഈടാക്കേണ്ടതാണ്.

2 . ലിഫ്റ്റുകളുടെയും എസ്കലേറ്ററുകളുടെയും പ്രവർത്താനുമതി ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകൾ **ലൈസൻസിന്റെ കാലാവധി കഴിയാത്തതും, എന്നാൽ ഒരു മാസം മുൻപ് സമർപ്പിക്കാത്തതുമായ** അപേക്ഷകരിൽ നിന്നും ലിഫ്റ്റ് / എസ്കലേറ്റർ ഒന്നിന് ₹3315/- രൂപ നിരക്കിൽ ഫീസ് ഈടാക്കുന്നതിനോടൊപ്പം അധിക ഫീസ് ആയ ₹335/- രൂപ കൂടി ഈടാക്കേണ്ടതാണ്.

3 . ലിഫ്റ്റുകളുടെയും എസ്കലേറ്ററുകളുടെയും പ്രവർത്താനുമതി ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകൾ **ലൈസൻസിന്റെ കാലാവധി കഴിഞ്ഞ് പുതുക്കുന്നതിനായി ഒരു മാസത്തിനുള്ളിൽ** അപേക്ഷ സമർപ്പിക്കുന്ന **പക്ഷം** പുതുക്കുന്നതിനുള്ള ഫീസ് ആയ ₹3315/ രൂപയോടൊപ്പം അധിക ഫീസ് ആയ ₹670/-രൂപ ( ₹. 335 X 2 ) കൂടി ഈടാക്കേണ്ടതാണ്.

4 . ലിഫ്റ്റുകളുടെയും എസ്കലേറ്ററുകളുടെയും പ്രവർത്താനുമതി ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകൾ, **ലൈസൻസിലെ** കാലാവധിക്കുശേഷം ഒരു **മാസം കഴിഞ്ഞ്** ലഭിക്കുന്നവയിൽ നിന്നും പുതുക്കുന്നതിനുള്ള ഫീസ് ആയ ₹3315/ രൂപയോടോപ്പോം lapsed period ലെ ഫൈനായി ₹2205/- രൂപ വീതം ഒരോ വർഷവും ഈടാക്കേണ്ടതാണ്. ഇത്തരത്തിൽ സമർപ്പിക്കുന്ന അപേക്ഷകളിലെ ലൈസൻസിന്റെ കാലാവധി അപേക്ഷ സമർപ്പിക്കുന്ന തിയതി മുതൽ കണക്കാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

Signed by
Vinod G
Date: 30-01-2025 18:30:34

**ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ**

ഉള്ളടക്കം: സൂചന പ്രകാരമുള്ള ഉത്തരവ്